ശ്രീ. ലോനപ്പൻ നമ്പാടൻ: ഗ്രാമവ്യവസായങ്ങൾ പുതിയതായി ആരംഭിക്കുമ്പോൾ തൊഴിലില്ലായ്മാവേതനം വാങ്ങിക്കുന്നവർക്ക് മുൻഗണന നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവർക്ക് ഇപ്പോഴത്തന്നെ എല്ലാ കാര്യങ്ങളിലും മുൻഗണനയുണ്ടല്ലോ സർ.

ശ്രീ. സേവ്യർ അറയ്ക്കൽ: 18 വ്യവസായങ്ങളാണ് ഖാദി ബോർഡിന്റെ കീഴിലുള്ളതെന്നു പറഞ്ഞു. കഴിഞ്ഞ കൊല്ലം ആരംഭിച്ചത് എത്രയെണ്ണമാണ്? ആകെ എത്ര തൊഴിലാളികൾ ഈ വ്യവസായങ്ങളിൽ ഉണ്ടെന്നു പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോൾ അതു പറയാൻ കൃത്യമായ കണക്ക് എന്റെ കൈയിൽ ഇല്ല.

ശ്രീ. എ. പി. കുര്യൻ: ഖാദി ബോർഡ് നേരിട്ടും ഖാദി ബോർഡിന്റെ സഹായത്തോടുകൂടിയും ആരംഭിച്ചിട്ടുള്ള വിവിധ യൂണിറ്റുകളിലായി സംസ്ഥാനത്തൊട്ടാകെ എത്ര പേർക്ക് ഇപ്പോൾ തൊഴിലുണ്ടെന്നു പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കൃത്യമായ കണക്ക് ഇപ്പോൾ എനിക്ക് പറയാൻ കഴിയുകയില്ല, സർ.

മൂവാറ്റുപുഴ നദീതട പദ്ധതിക്കുവേണ്ടി ഒഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങൾ

* 679 [736] ശ്രീ. ടി. കെ. അബ്ദു:
,, ടി. കെ. രാമകൃഷ്ണൻ:
,, എ. പി. കുര്യൻ:
,, പി. പി. എസ്തോസ്:
,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി സഭയ്ക്ക് മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നദീതട പദ്ധതിക്കുവേണ്ടി മലങ്കര ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽനിന്നും എത്ര കുടുംബങ്ങളെയാണ് ഒഴിപ്പിക്കേണ്ടി വരിക;

(ബി) ഒഴിപ്പിക്കപ്പെടുന്നവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിന് എന്തു നടപടികൾ എടുത്തിട്ടുണ്ട്;

(സി) ഒഴിപ്പിക്കപ്പെടുന്നവരിൽ ഗവൺമെന്റ് ഭൂമി കൈവശക്കാരും, ഗവൺമെന്റു ഭൂമിയിൽ താമസക്കാരുമായ എത്ര പേരുണ്ട്;

(ഡി) ഇവർക്ക് മണിയങ്ങാടൻ കമ്മിറ്റി ശുപാർശ പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിന് നടപടി എടുത്തിട്ടുണ്ടോ;

(ഇ) വീടുകൾക്ക് നഷ്ടപരിഹാരം നൽകാൻ പുതുക്കിയ പി. ഡബ്ലിയു. ഡി. ഷെഡ്യൂൾ അനുസരിച്ചാണോ നടപടി സ്വീകരിക്കുന്നത്;

(എഫ്) ഈ ഏരിയായിലെ പാലങ്ങളും പൊതുസ്ഥാപനങ്ങളും പുതുക്കി പണിയുന്നത് സംബന്ധിച്ച് എന്തു നിർദ്ദേശമാണ് നൽകിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, (എ) മലങ്കര ഡാമിന്റെ ജല സംഭരണിക്ക് 513 ഹെക്ടർ ഭൂമി വേണ്ടിവരും. ഇത് മിക്കവാറും പട്ടയ ഭൂമിയാണ്. പട്ടയഭൂമി പൊന്നും വിലയ്ക്കെടുക്കാനുള്ള നടപടികളാണ് ഇപ്പോഴം നടന്നുവരുന്നത്. ഈ വർഷം 148 ഹെക്ടർ ഭൂമി പൊന്നുംവിലയ്ക്കെടുത്തിട്ടുണ്ട്. 40 കുടുംബങ്ങളുടെ സ്ഥലങ്ങളും മലങ്കര എസ്റ്റേറ്റിൽ നൂറോളം ജോലിക്കാരുടെ കുടുംബങ്ങളും താമസിക്കുന്ന 25 കെട്ടിടങ്ങളും ഈ വർഷം പൊന്നുംവിലയ്ക്കെടുത്തിട്ടുണ്ട്.

(ബി) പട്ടയഭൂമിക്കു നിയമപ്രകാരം നഷ്ടപരിഹാരം കൊടുക്കാൻ നടപടിയെടുത്തിട്ടുണ്ട്.

(സി, ഡി) ഗവൺമെന്റ് ഭൂമിയിലെ കൈയേറ്റക്കാരെ ഒഴിപ്പിക്കാൻ നടപടിയൊന്നും ആയിട്ടില്ല. അതുകൊണ്ട് അവർ എത്രപേരുണ്ടെന്നു കണക്കെടുത്തിട്ടില്ല. നടപടികളെടുക്കുമ്പോൾ ആശ്വാസനടപടികൾ എന്തൊക്കെ വേണമെന്നു തീരുമാനിക്കാം.

(ഇ) വില നിർണ്ണയിക്കുമ്പോൾ നിലവിലുള്ള പി. ഡബ്ലിയു. ഡി. ഷെഡ്യൂളാണ് അനുസരിക്കുന്നതെന്നു റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. പഴക്കമനുസരിച്ച് കുറവുവരുത്തിയാണ് നഷ്ടപരിഹാരത്തുക നിർണ്ണയിക്കുന്നത്.

(എഫ്) നേരത്തേ ഒരു കാബിനറ്റ് തീരുമാനിച്ചതനുസരിച്ച് കൊള്ളപ്പാറയും വിരുത്തുൽക്കടവിലും രണ്ടു നടപ്പാലങ്ങൾക്കുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

ശ്രീ. ടി. കെ. അബ്ദു: മലങ്കര ഡാമിനുവേണ്ടി ക്യാച്ച്മെന്റ് ഏരിയായിൽ പട്ടയഭൂമിയിൽ താമസിക്കുന്നവരെയാണ് ഇറക്കുന്നതെന്നു പറഞ്ഞു. വളരെക്കാലമായി അവിടെ താമസിച്ചു വരുന്ന ആളുകളാണ് അവർ. അവർക്കു ഭൂമി നൽകുമോ; അവരുടെ ഭൂമി, അതിലെ അദ്ധ്വാനം, ഇന്ന് ഒരു വീടുണ്ടാക്കുന്നതിനു വേണ്ടിവരുന്ന വർദ്ധിച്ച ചെലവ് ഇതെല്ലാം പരിഗണിച്ച് അതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം കൊടുക്കണമെന്നുള്ളതല്ലേ ന്യായമായിട്ടുള്ളത്?

ശ്രീ. എം. കെ. രാഘവൻ: ലാൻഡ് അക്വിസിഷൻ നടപടിക്കു ചില ക്രമങ്ങളും നഷ്ടപരിഹാരം കൊടുക്കുന്നതിനു ചില നടപടിക്രമങ്ങളും ഒക്കെയുണ്ട്. അവർ ബുദ്ധിമുട്ടിയുണ്ടാക്കിയ ഭൂമിയുടെയും അതിൽ വച്ചിരിക്കുന്ന കെട്ടിടങ്ങളുടെയുമൊക്കെ മാർക്കറ്റുവില നിശ്ചയിച്ചിട്ടാണു നഷ്ടപരിഹാരം കൊടുക്കുന്നത്. അതുകൊണ്ട് വേണ്ടത്ര കാംപെൻസേഷൻ അതുവഴിതന്നെ അവർക്കു ലഭിക്കുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആകെ ഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾ എത്രയാണെന്നു പറഞ്ഞില്ല. ഒഴിപ്പിക്കേണ്ട ഭൂമിയുടെ കാര്യം മാത്രമേ പറഞ്ഞുള്ളൂ, 513 ഹെക്ടർ എന്ന്. ആകെ ഒഴിപ്പിക്കപ്പെടണ്ടിവരുന്ന കുടുംബങ്ങൾ എത്രയാണ്?

ശ്രീ. എം. കെ. രാഘവൻ: അതു വ്യക്തമാക്കിയിട്ടുണ്ട്. 148 ഹെക്ടറാണ് ഇപ്പോൾ അക്വയർ ചെയ്യുന്നത്. 40 കുടുംബങ്ങളുടെ സ്ഥലങ്ങളും അതിനകത്തിരിപ്പുള്ള വീടുകളുമാണ് പോകുന്നത്. അതിൽത്തന്നെ ഏഴു വീട്ടുകാരൊഴിച്ച് എല്ലാവരും ഒഴിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഏഴു വീട്ടുകാർ

LIBRARY ARCHIVES Kerala Legislative Assembly

ഈ 40 ഹെക്ടറിൽ തൽക്കാലം താമസിക്കാൻ അവരുടെ വീടുകൾതന്നെ അവർക്കു സൗകര്യപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. മറ്റ് 25 കെട്ടിടങ്ങളും മലങ്കര എസ്റ്റേറ്റിലുള്ള തൊഴിലാളികളും താമസിക്കുന്ന കെട്ടിടങ്ങളാണ്. ആ കെട്ടിടങ്ങളിൽ 100 കുടുംബങ്ങളും താമസിക്കുന്നുണ്ട്. ആ 100 കുടുംബങ്ങൾക്ക് ഒരു കൊല്ലക്കാലത്തേക്കു സൗകര്യമുണ്ടാകത്തക്കവിധത്തിൽ അവർക്കും സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 148 ഹെക്ടർ ഇപ്പോൾ എടുത്തതിൽ ഉള്ള കുടുംബങ്ങളുടെ കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആകെ 513 ഹെക്ടർ എടുക്കേണ്ടി വരും. അതിൽ ബാക്കി എത്ര കുടുംബങ്ങളുണ്ടെന്നു കണക്കാക്കപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: അതാണു ഞാൻ പറഞ്ഞത്, 513 ഹെക്ടറും എടുക്കുന്നതിനുള്ള നടപടികളും ഒന്നും ഇപ്പോൾ എടുത്തിട്ടില്ല. നടപടികളും ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. ഇത് മാർക്കുചെയ്തിരിക്കുന്നു എന്നല്ലാതെ അക്വിസിഷൻ നടപടി തുടങ്ങിയിട്ടില്ല. തുടങ്ങിയാൽ മാത്രമേ അതിനകത്ത് എത്ര കുടുംബങ്ങളുണ്ട്, ആ കുടുംബങ്ങൾക്ക് എന്തെല്ലാം ചെയ്തുകൊടുക്കേണ്ടിവരും എന്നൊക്കെ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളു.

ശ്രീ. എ. പി. കുര്യൻ: പട്ടയഭൂമിയിലല്ലാതെ ഗവൺമെന്റു ഭൂമിയിൽത്തന്നെ താമസിക്കുന്ന കുറേയാളുകൾ ഉണ്ടെന്നു പറഞ്ഞു. അവർക്കു കാംപെൻസേഷൻ കൊടുക്കുമ്പോൾ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശപ്രകാരം അതു ചെയ്യാൻ നയപരമായ ഒരു തീരുമാനം അംഗീകരിക്കുന്നതിന് ഗവൺമെന്റിന് വിഷമമുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: ഗവൺമെന്റു ഭൂമിയിൽ എത്രപേർ താമസിക്കുന്നുണ്ട് എന്നെല്ലാം അവരെ ഒഴിപ്പിക്കാൻ നടപടിയെടുക്കുമ്പോൾ തിട്ടപ്പെടുത്തുകയും അതിനവർക്കു കൊടുക്കേണ്ടുന്ന ആശ്വാസം എന്താണെന്നു തീരുമാനിക്കുകയും ചെയ്യാവുന്നതാണ്. മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് പണ്ട് സമർപ്പിച്ചിട്ടുണ്ട്. ആ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിന്റെ ആനുകൂല്യങ്ങൾതന്നെ കൊടുക്കണമോ അതിൽ കൂടുതൽ കൊടുക്കണമോ അതിൽ കുറവായിട്ടു കൊടുക്കണമോ എന്നെല്ലാം ആ കാലത്തു തീരുമാനിക്കാവുന്നതേയുള്ളു.

ശ്രീ. എ. പി. കുര്യൻ: ഈ പ്രോജക്ടറ് ആകെ പൂർത്തുവർഷത്തേക്കു പൂർത്തിയാകും എന്നുള്ളതിനെപ്പറ്റി എന്തെങ്കിലും രൂപമുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: 1982-ൽ പൂർത്തിയാകുമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. പി. എസ്തോസ്: 'എഫ്'—ന്റെ മറുപടി വ്യക്തമായിട്ടില്ല. രണ്ടു കടവുകളെപ്പറ്റി മാത്രമാണു പറയുന്നത്. ഏറ്റവും പ്രധാനമായിട്ട് സ്കൂളുകളും മറ്റു പൊതുസ്ഥാപനങ്ങളും നിലവിലുണ്ട്. ഈ ക്യാച്ച്മെന്റ് ഏരിയായിൽപെടുന്ന സ്കൂളുകളും മറ്റു പൊതുസ്ഥാപനങ്ങളും ഈ ക്യാച്ച്മെന്റ് ഏരിയയിൽ പെടുന്ന സ്ഥലത്തെ പൊതുസ്ഥാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള സ്ഥലവും അതിനുള്ള ചെലവും കണ്ടുപിടിക്കാൻ ഗവൺമെന്റു തയ്യാറാകുമോ എന്നുള്ളതാണ് വ്യക്തമാക്കേണ്ട കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: ''ഈ ഏരിയായിലെ പാലങ്ങളും പൊതു സ്ഥാപനങ്ങളും പുതുക്കിപ്പണിയുന്നതു സംബന്ധിച്ച് എന്തു നിർദ്ദേശമാണു നൽകിയിട്ടുള്ളത്'' എന്നാണ് 'എഫ്'—ൽ ചോദിച്ചിട്ടുള്ളത്. അവിടെ ഈ പദ്ധതി വരുന്നതുകൊണ്ട്, ആളുകൾക്കു സഞ്ചാരയോഗ്യമായിരുന്ന ചില പാലങ്ങൾ പോകുന്നുവെന്നും പകരം രണ്ടു നടപ്പാലങ്ങൾ ഉണ്ടാക്കണമെന്നും, ഇതിനുമുൻപ് ഒരു കാൺഫറൻസ് കൂടിയപ്പോൾ ആവശ്യപ്പെടുകയും ആ കാര്യം പരിഗണിക്കാമെന്ന് കാൺഫറൻസിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ രണ്ടു പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടക്കുന്നു എന്നു ഞാൻ പറഞ്ഞത്.

ശ്രീ. പി. പി. എസ്തോസ്: പൊതുസ്ഥാപനങ്ങൾ പുതുക്കിപണിയുന്നതിനെ സംബന്ധിച്ച് എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത്?

ശ്രീ. എം. കെ. രാഘവൻ: പൊതുസ്ഥാപനങ്ങളെ സംബന്ധിച്ച് ഇതിനകത്ത് തീരുമാനമൊന്നുമില്ല. ഒരു പദ്ധതി പുതുതായി തുടങ്ങിക്കഴിഞ്ഞാൽ പൊതുസ്ഥാപനങ്ങളും പൊതു കെട്ടിടങ്ങളും പുതിയ സ്കൂളുകളും പുതിയ ആശുപത്രികളും വരുത്താമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല.

ശ്രീ. പി. പി. എസ്തോസ്: ഈ നഷ്ടപരിഹാരത്തെ സംബന്ധിച്ച് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒരു സംഗതി ഇതിന്റെ അക്വിസിഷനെ സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല എന്നാണ്. അവിടെ ഡാം വരുമെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 513 ഹെക്ടർ സ്ഥലത്ത് താമസിക്കുന്ന ആളുകൾക്ക് യാതൊരു ഇംപ്രൂവ്മെന്റും നടത്താൻ സാധിക്കാത്ത സാഹചര്യം ഉണ്ട്. അവർക്ക് ഇനി അവിടെ എത്ര വർഷം താമസിക്കണമെന്ന് നിശ്ചയമില്ലാതിരിക്കുകയാണ്. ഇതിന്റെയെല്ലാം ഫലമായി ഭീമമായ നഷ്ടം ഉണ്ടാകുന്നുണ്ട്. കോമ്പൻസേഷൻ നിശ്ചയിക്കുമ്പോൾ ആ കാലഘട്ടത്തേക്ക് ഉണ്ടാകുന്ന നഷ്ടവുംകൂടി കണക്കിലെടുത്ത് ഉയർന്ന കോമ്പൻസേഷൻ നിശ്ചയിക്കാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: ഈ ഇംപ്രൂവ്മെന്റ് വരുത്തിയിട്ടുള്ളതിന്റെ കോമ്പൻസേഷൻ അന്നത്തെ തീയതിവരെയുള്ളത് അന്നത്തെ മാർക്കറ്റ് നിരക്കനുസരിച്ച് കൊടുക്കുന്നതാണ്. ഇതിനകത്ത് ഒട്ടും വിട്ടുപോവുകയില്ല. കോമ്പൻസേഷൻ നിശ്ചയിക്കുമ്പോൾ വാല്യുവേഷന്റെ പ്രിൻസിപ്പിൾ തന്നെ അതാണ്. വേറെ എന്തെല്ലാം പ്രയത്നിച്ച് ഉണ്ടാക്കിയിട്ടുണ്ടോ അതിന് മാർക്കറ്റിൽ എന്ത് വില ഉണ്ടോ അതുംകൂടി കൊടുക്കുന്നതാണ്. കൂടാതെ സൊളേഷ്യൽകൂടി കൊടുക്കുന്നുണ്ട്. ഈ കാര്യത്തിൽ വീഴ്ച ഉണ്ടാകുമെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് ഈ കാര്യത്തിൽ തെറ്റിദ്ധാരണ ഉണ്ടോയെന്നറിയുകയില്ല. 513 ഹെക്ടർ എടുക്കണമെന്നു പറയുന്നത് സബ്മെർജിബിൾ ഏരിയാ ആണ്. അവിടെനിന്നും ഇപ്പോൾ ഒഴിവാക്കുന്നതിനുള്ള പദ്ധതിയേ ഇല്ല. വെള്ളം കെട്ടി നിൽക്കുന്ന ഈ 513 ഹെക്ടറിൽ ഇപ്പോൾ കൈവശം കിട്ടിയിരിക്കുന്നത് 148 ഹെക്ടറാണ്. അതിൽ 120 ഹെക്ടർ മലങ്കര എസ്റ്റേറ്റിലെ റബ്ബർ തോട്ടം ആണ്. ബാക്കിയുള്ളതിൽ മാത്രമാണ് ആളുകൾ താമസിക്കുന്നത്. ആ ആളുകളിൽ 7 പേർ ഒഴികെ മറ്റുള്ള [illegible]

LIBRARY ARCHIVES Kerala Legislative Assembly

തൃപ്തികരമായ കോമ്പൻസേഷൻ കിട്ടുകയും അതിനു പകരമായി അവർ മറ്റ് എർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. 7 പേർക്കു മാത്രം സൗകര്യങ്ങൾ കിട്ടാത്തതുകൊണ്ട് അവർക്കുപോലും സൗകര്യം ഇതിനകത്ത് കൊടുത്തിരിക്കുകയാണ്.

ശ്രീ. പി. സി. ജോസഫ്: ഒന്നര കൊല്ലത്തിനു മുമ്പ് അന്നത്തെ ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി തൊടുപുഴയിൽ വന്ന് അവിടുത്തെ കർഷകത്തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയുണ്ടായി. ആ കോൺഫറൻസിൽ ആ ഭൂമിയുടെ വിലയെസംബന്ധിച്ച് ചില ധാരണകൾ ഉണ്ടായിരുന്നു. പക്ഷെ ഇന്നും കേൾക്കുന്നത് ആ വിലയിൽനിന്നും വ്യത്യാസം കൂടാത്ത ഒരു വില മാത്രമാണ് ലഭിക്കുന്നതെന്നാണ്. അവിടത്തെ കർഷകർ ഒരു സമരത്തിനു തയ്യാറായി മുമ്പോട്ടു വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തൊടുപുഴ താലൂക്കിലെ ഏറ്റവും ഫലപുഷ്ടിയുള്ള പ്രദേശമാണ് ഈ സ്ഥലം എന്നുള്ളതു കണക്കിലെടുത്തുകൊണ്ട് ഇന്ന് ഗവൺമെൻറ് നിശ്ചയിക്കുന്ന വില കൊടുത്താൽ സാർവത്രികമായി വില വർദ്ധിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത്രയും ഫലപുഷ്ടിയുള്ള മണ്ണു കിട്ടുകയില്ലെന്നുള്ളതു മാത്രമല്ല ഈ വില കൊടുത്താൽ പകുതി സ്ഥലംപോലും കിട്ടുകയില്ലെന്നുള്ള സാഹചര്യത്തിൽ ഗവൺമെൻറ് എടുക്കുന്ന ഭൂമിയെങ്കിലും മറ്റ് പ്രദേശങ്ങളിൽ വാങ്ങിക്കുന്നതിനു സൗകര്യപ്പെടത്തക്കവിധത്തിൽ ഉള്ള വില അവർക്കു ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുമെന്നു ഉറപ്പ് കൊടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: സമ്മതിക്കുകയില്ലെന്ന് ആദ്യമേ പറയാം. ഒരു മന്ത്രിക്കും ഒരു ഉദ്യോഗസ്ഥനും ഒരു ഭൂമിയുടെ വില നിശ്ചയിക്കാൻ ഒരു കോൺഫറൻസിൽവച്ച് സാദ്ധ്യമല്ല. അതിന് ചില നിയമങ്ങളെല്ലാമുണ്ട്. അതനുസരിച്ച് മാത്രമേ വില നിശ്ചയിക്കാൻ സാധിക്കുകയുള്ളു. അല്ലാതെ കോൺഫറൻസിൽവച്ചൊന്നും നിരുത്തരവാദപരമായി ആർക്കും വില നിശ്ചയിക്കാൻ സാധിക്കുകയില്ല. ലാൻഡ് അക്വിസിഷൻ നിയമ പ്രകാരം വില നിശ്ചയിക്കാൻ ചില പ്രൊസീഡുവർ എല്ലാം ഉണ്ട്. പ്രൊസീഡുവർ അനുസരിച്ച് ചെയ്തില്ലെങ്കിൽ വില പോരെന്നു പറഞ്ഞുകൊണ്ട് പരാതി ഉണ്ടാകുന്ന ആളുകൾക്ക് കിട്ടാവുന്നതിനേക്കാൾ കൂടുതൽ വില വാങ്ങിക്കാനുള്ള സാഹചര്യം ഉണ്ട്. ഇന്നത്തെ പൊന്നുംവില സമ്പ്രദായമനുസരിച്ച് അല്ലാതെ തൊടുപുഴയിലെ മണ്ണിനുവേണ്ടി പ്രത്യേകമായി ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. സി. എ. കുര്യൻ: ഈ നദീതട പദ്ധതിക്കുവേണ്ടി തൊടുപുഴയ്ക്കടുത്തുള്ള മലങ്കര എസ്റ്റേറ്റിലുള്ള 120 ഹെക്ടർ റബ്ബർ തോട്ടം ഗവൺമെൻറ് അക്വയർ ചെയ്തിട്ടുണ്ട്. ഇതുമൂലം അവിടെ തൊഴിൽ ചെയ്തു ജീവിക്കുന്ന 45 ഓളം ആളുകൾക്കു ജോലി നഷ്ടപ്പെടുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് നദീതട പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ആ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി തോട്ടം ഉടമയുമായി ആലോചിച്ച് നടപടിയെടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: മലങ്കര എസ്റ്റേറ്റിലെ റബ്ബർ മരങ്ങൾ കൈവശം എടുത്തത് ആ റബ്ബർ മരം ടാപ്പ് ചെയ്തുകൊണ്ടിരുന്ന തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാത്തവിധത്തിൽ അവർക്കുകൂടി സൗകര്യം ഉണ്ടാക്കത്തക്ക വിധത്തിലാണ്. അതൊരു കണ്ടീഷൻ പ്രീസിഡൻറായിട്ട്

LIBRARY, ARCHIVES Kerala Legislative Assembly

എടുത്തുകൊണ്ടാണ് പ്രീസിനു കൊടുത്തിരിക്കുന്നത്. അവിടെയുള്ള തൊഴിലാളികൾക്കു ജോലി നഷ്ടപ്പെടാത്ത വിധത്തിലാണ്? ഒരു കൊല്ലത്തേക്ക് ഏർപ്പാട് ചെയ്തിരിക്കുന്നത്.

ശ്രീ. സേവ്യർ അറയ്ക്കൽ: 40 വീട്ടുകാർക്ക് മൊത്തം കോമ്പൻസേഷൻ കൊടുക്കാൻ ഉദ്ദേശിക്കുന്നതായി പറഞ്ഞു. എത്ര പേർക്കു കൊടുത്തു കഴിഞ്ഞെന്നു പറയാമോ?

ശ്രീ. എം. കെ. രാഘവൻ: കോമ്പൻസേഷൻ ഭാഗികമായി കൊടുക്കാറില്ല. എത്രയാണെന്നുള്ളത് നോട്ടീസ് ഉണ്ടെങ്കിലേ പറയാൻ സാധിക്കുകയുള്ളു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പ്രോജക്ടിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിന് ഇന്ന് വന്നിരിക്കുന്ന ബുദ്ധിമുട്ട് വില എന്നതിനേക്കാൾ കൂടുതലായി ഇത് സമയത്തിന് കാലാകാലങ്ങളിൽ ലഭിക്കുന്നില്ലെന്നുള്ളതാണ് ജനങ്ങളുടെ പരാതിയെന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് സ്ഥലം അക്വയർ ചെയ്യുന്നതോടുകൂടി തന്നെ വിലകൂടി കിട്ടാനുള്ള സത്വരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സങ്കീർണ്ണമായ ഈ ലാൻറ് അക്വിസിഷൻ പ്രൊസീഡിംഗ്സ് എല്ലാവർക്കും അറിയാവുന്നതാണ്. കാലതാമസം കുറയ്ക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ഈ പദ്ധതിക്കു ഭൂമി അക്വയർ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നതായിട്ടാണ് പറഞ്ഞത്. ആ പ്രദേശത്ത് വളരെ പ്രയോജനപ്പെടുന്നതായ പദ്ധതിയെന്നുള്ള നിലയിൽ ഇതിന്റെ മെയിൻ കനാലിന്റെ ലാന്റ് അക്വയർ ചെയ്യുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ, അക്വസിഷൻ നടപടികൾ എത്രവരെ പുരോഗമിച്ചിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. എം. കെ. രാഘവൻ: അതിന്റെ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. 146 ഹെക്ടറിന് പണം കൊടുത്തതുതന്നെ കുറെ ദിവസങ്ങൾക്ക് മുമ്പാണ്. മൂന്നു വർഷങ്ങൾക്കു മുമ്പാണ് ആരംഭിച്ചതെങ്കിലും കാര്യമായ പുരോഗതി ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ല. അതിന് പ്രധാനമായ കാരണം ഇവിടെ ലാൻറ് കിട്ടാതിരുന്നതാണ്. ഇപ്പോൾ 148 ഹെക്ടർ കൈവശം വന്നിരിക്കുകയാണ്. 512 ഹെക്ടറിൽ ബാക്കിയുള്ളത് അടുത്ത വർഷംതന്നെ എടുക്കാനുള്ള സത്വരമായ നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ഇ. കെ. പിള്ള: നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് അംഗീകൃതമായ ചില മാനദണ്ഡങ്ങൾ ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് മനസ്സിലായി. അതിൽ ചില അംഗീകൃത മാനദണ്ഡങ്ങൾ ചില പ്രലോഭനങ്ങൾക്ക് വഴിപ്പെട്ട് പ്രായോഗികമാക്കുന്നില്ലെന്നുള്ളതിനെ സംബന്ധിച്ച് പരാതികൾ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചിടത്തോളം നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: നേരെമറിച്ചാണ് ഉണ്ടായിട്ടുള്ളത്. ഈ അംഗീകൃത നടപടിക്രമങ്ങൾക്ക് വിരുദ്ധമായി പ്രലോഭനങ്ങൾക്ക് വഴങ്ങിപ്പോകുന്ന സന്ദർഭങ്ങളാണ് പലപ്പോഴും ഉണ്ടായിട്ടുള്ളത്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ

*680 [737] ശ്രീ. പിണറായി വിജയൻ:
,, കെ. അനിരുദ്ധൻ:
,, എം. കെ. കൃഷ്ണൻ:
,, പി. കരുണാകരൻ:
,, എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലാ വ്യവസായ കേന്ദ്രത്തിനും കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായമെത്രയാണ്.

(ബി) സംസ്ഥാന ഗവൺമെന്റ് ഓരോ കേന്ദ്രത്തിനും പ്രത്യേകം മുടക്കേണ്ട വിഹിതമെത്ര?

വ്യവസായവും വനവും മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഓരോ ജില്ലാ വ്യവസായ കേന്ദ്രത്തിനും കെട്ടിട നിർമ്മാണത്തിന് രണ്ട് ലക്ഷം രൂപയും, ഫർണിച്ചർ, ടെലഫോൺ, വാഹനം മുതലായവയ്ക്കായി മൂന്നു ലക്ഷം രൂപയും അനാവർത്തന ഗ്രാന്റായി (നോൺ റെക്കറിംഗ് ഗ്രാന്റ്) കേന്ദ്ര ഗവൺമെന്റ് നൽകുന്നു. കൂടാതെ ഓരോ ജില്ലാ വ്യവസായ കേന്ദ്രത്തിനും പ്രതിവർഷം ശമ്പളം, യാത്രപ്പടി, മുതലായവയ്ക്കായി മൂന്നേമുക്കാൽ ലക്ഷം രൂപവരെ കേന്ദ്ര സഹായമായി ലഭിക്കും.

(ബി) മേൽ പറഞ്ഞ ഇനങ്ങളിൽ ഉണ്ടാകാവുന്ന അധികച്ചെലവിനു പുറമേ കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലത്തിന്റെ വിലയും സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടതാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: ഈ വ്യവസായ കേന്ദ്രങ്ങളിലേക്കുള്ള ഡിസ്ട്രിക്റ്റ് മാനേജർമാരെ നിയമിച്ചു തുടങ്ങിയെന്ന് കേട്ടു. എത്ര ഡിസ്ട്രിക്റ്റുകളിൽ ഡിസ്ട്രിക്റ്റ് മാനേജർമാരെ നിയമിച്ചിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: 11 ഡിസ്ട്രിക്റ്റുകളിലും ഡിസ്ട്രിക്റ്റ് മാനേജർമാരെ നിയമിച്ചിട്ടുണ്ട്. 8 ഡിസ്ട്രിക്റ്റുകളിൽ സ്ഥിരമായി നിയമിച്ചിട്ടുണ്ട്. മറ്റ് ഡിസ്ട്രിക്റ്റുകളിൽ അവർ ഇപ്പോൾ ചാർജ് വഹിക്കുന്നു എന്നേ ഉള്ളു.

ശ്രീ. എം. കെ. കൃഷ്ണൻ: ഡിസ്ട്രിക്റ്റ് മാനേജർമാരെ 11 ഡിസ്ട്രിക്റ്റുകളിലും നിയമിച്ചു. 8 ഡിസ്ട്രിക്റ്റുകളിൽ സ്ഥിരമായി നിയമിച്ചെന്നു പറഞ്ഞു. മാനേജർമാരെ നിയമിക്കലല്ലാതെ അതിനാവശ്യമായ മറ്റ് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലെന്നു പറഞ്ഞാൽ ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly